# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**എറണാകുളം**

**കൂവപ്പടി ബ്ലോക്ക്**
**രായമംഗലം പഞ്ചായത്ത്**
**വാർഡ്-13**
**സോഷ്യൽ ഓഡിറ്റ് കാലയളവ് :1/10/2018 to 31/3/2019**
**റിപ്പോർട്ട് തയ്യാറാക്കിയത് :**

**വി. ആർ. പി. അനിത ഗോപി**
**വി ആർ പി പ്രിയങ്ക പ്രകാശൻ**
**വി ആർ പി അശ്വതി എം എസ്**
**വി ആർ പി അഖിൽ വി ജെ**
**സോഷ്യൽ ഓഡിറ്റ് യൂണിറ്റ്**
**തിരുവനന്തപുരം**

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങള്ക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## അവകാശധിഷ്ഠിത നിരീക്ഷണങ്ങൾ

•തൊഴിൽ കാർഡ് അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട് .

•തൊഴിലുറപ്പ് നിയമപ്രകാരം ഒരു വ്യക്തിക്ക് 100 തൊഴിൽ എന്നാണ്. ഈ വാർഡിലെ തൊഴിലാളികളിൽ 18 പേർക്ക് 100 പണി കിട്ടിയിരുന്നു. ഇതിൽ ഒരു തൊഴിലാളിക്ക് 150 പണി തികഞ്ഞു

•തൊഴിൽ സ്ഥലത്തു വെച്ച്അപകടം സംഭവി ച്ചാൽ ചികിത്സ സഹായം ലഭിക്കുന്നതിനെ കുറിച്ച് തൊഴിലാളികൾക്ക് വലിയ അറിവുണ്ടായിരുന്നില്ല.

• തൊഴിൽ അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ നിർബന്ധമായും തൊഴിൽ നൽകണം എന്നാണ് നിയമം. എന്നാൽ ഡിമാൻഡ് വെച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാറുണ്ട്.

•15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിചില്ല എങ്കിൽ തൊഴിൽ ഇല്ലായ്മ വേതനം കിട്ടാനുള്ള അവകാശമുണ്ട്. തൊഴിൽ കിട്ടാറുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത് .

•ബൂട്ട്, കൈയുറ എന്നിവ ഉണ്ട്

•തൊഴിലാളികൾക്ക് 5 KM ഉള്ളിൽ പണി കൊടുക്കണം എന്നാണ് നിയമം.ഈ വാർഡിലെ തൊഴിലാളികൾക്ക് 5 KM ഉള്ളിൽ തൊഴിൽ ലഭിക്കുന്നുണ്ട് .

•പ്രവൃത്തി സ്ഥലത്ത് കുടിവെള്ളം, പ്രഥമ ശുശ്രുഷ കിറ്റ് എന്നിവ ലഭ്യമാണ്.

•തൊഴിൽ ചെയ്ത് 15 ദിവസത്തിനുള്ളിൽ തൊഴിൽ വേതനം കിട്ടാനുള്ള അവകാശമുണ്ട്. എന്നാൽ 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാറില്ല.

•15 ദിവസത്തിനുള്ളിൽ വേതനം കിട്ടിയില്ലെങ്കിൽ 16-ആം ദിവസം മുതൽ വൈകുന്ന ഓരോ ദിവസത്തിനും വേതനത്തിന്റെ 0.05% ലഭിക്കാൻ ഉള്ള അവകാശമുണ്ട്. എന്നാൽ അങ്ങനൊരു കാര്യത്തെ കുറിച്ചു തൊഴിലാളികൾക്ക് ധാരണയില്ല.

## <u>പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ</u>

### വാർഡ് 13 ലെ 11 ഫയലുകൾ പരിശോധിച്ചതിന് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ

1.പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം 0-350m,റീച് 1. 1608004005/IC/317784.

2. പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം.350-700m, റീച് 2. 1608004005/IC/318334.

3. പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം.700-1050m,റീച് 3. 1608004005/IC/318335.

4.പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം. 1050-1400m,റീച്ച് 4.1608004005/IC/318336.

5.പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം 1400-1750m,റീച് 5.1608004005/IC/318337.

6. മടത്തി പടി കനാൽ പുനരുദ്ധാരണം.0-300m,റീച് 1. 1608004005/IC/318338.

7.മടത്തി പടി കനാൽ പുനരുദ്ധാരണം. 800-1300m,റീച് 3. 1608004005/IC/318339.

8. വളയൻചിറങ്ങര നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ മണ്ണ് ജലസംരക്ഷണം. റീച്ച് 5. 1608004005/WC/299168.

9.പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം. റീച്ച് 2.1608004005/FP/345485.

10 പതിമൂന്നാം വാർഡിലെ മണ്ണ് ജലസംരക്ഷണം.1608004005/WC/349210.

11. വളയൻചിറങ്ങര നീർത്തടത്തിൽ മണ്ണ് ജലസംരക്ഷണം.1608004005/WC/299172.

## <u>ഫയൽ പരിശോധന</u>

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന ഓരോ പ്രവർത്തിക്കും പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതാണ്. ഓരോ ഫയലിലും 22 രേഖകൾ ഉണ്ടായിരിക്കണം. ഈ 22 രേഖകൾ പരിശോധിച്ചതിൽ നിന്നും ലഭിച്ച വിവരങ്ങൾ.

**<u>കവർ പേജ്:</u>**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു പ്രവർത്തി ഫയലിൽ ഉണ്ടാകേണ്ടതാണ് കവർ പേജ്. പരിശോധിച്ച ചെയ്ത 11 ഫയലുകളിൽ എല്ലാ ഫയലുകളിലും AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു.

**<u>ചെക്ക് ലിസ്റ്റ്:</u>**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള രേഖയാണ് ചെക്ക് ലിസ്റ്റ്.

- പരിശോധിച്ച 11 ഫയലുകളിലും ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.
- എല്ലാ ഫയലുകളുടേയും ചെക്ക് ലിസ്റ്റിൽ പേജ് നമ്പറുകൾ രേഖപ്പെടുത്തിയിരുന്നില്ല.

**<u>ആക്ഷൻപ്ലാൻ കോപ്പി:</u>**

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയിക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പി.ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും അതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും . ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പി ഉപകരിക്കുന്നു. ഈ സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുള്ളതാണ് എന്ന വിവരം ഫയലിൽ വരേണ്ടതാണ്.

- എന്നാൽ പരിശോധിച്ച് 11 ഫയലുകളിൽ ആക്ഷൻ പ്ലാനിന്റെ കോപ്പി ഉണ്ടായിരുന്നില്ല.

**<u>എസ്റ്റിമേറ്റ്:</u>**

ഒരു പ്രവർത്തി എങ്ങനെ,എത്ര അളവിൽ ചെയ്യണം എന്ന് സങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്. പരിശോധിച്ച് എല്ലാ ഫയലിലും എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

- പരിശോധിച്ച് 11 ഫയലും ജനകീയ ഭാഷയിൽ ഉള്ളത് ആയിരുന്നില്ല.
- എല്ലാ ഫയലുകളിലും സെക്യൂർ നിന്നെടുത്ത എസ്റ്റിമേറ്റിന്റെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്.
- എസ്റ്റിമേറ്റ്നൊപ്പം എസ്റ്റിമേറ്റ് കവർ പേജ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ഡ്രോയിങ് ആൻഡ് ഡ്സിസൈൻ എന്നിവ ഉൾപെടുത്തേണ്ടതുണ്ട്. പരിശോധിച്ച ഫയലുകളിൽ എസ്റ്റിമേറ്റ് കവർപേജ് എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഉണ്ടായിരുന്നു എന്നാൽ ഡ്രോയിങ് ആൻഡ് ഡിസൈൻ ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

**സാങ്കേതിക അനുമതി:**

- ഒരു പ്രവർത്തിക്ക് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചു എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി.

- പരിശോധിച്ച 11 ഫയലുകളിലും സാങ്കേതിക അനുമതി ഉണ്ടായിരുന്നു.
- ഫയലുകളിൽ സെക്യൂർ നിന്നെടുത്ത കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.

- സെക്യൂർ നിന്നെടുത്ത കോപ്പി ആയിരുന്നാലും അതിൽ സാങ്കേതിക ഉദ്യോഗസ്ഥർ ഒപ്പ് , സീൽ എന്നിവ തിയതി വച്ച് രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ,സീൽ, തീയതി മുതലായവ ഫയലിലും ഉണ്ടായിരുന്നില്ല.

- സാങ്കേതിക അനുമതി ലഭിച്ച തീയതിയും സാങ്കേതിക അനുമതി നമ്പറും രേഖപ്പെടുത്തിയിരുന്നു.

**ഭരണാനുമതി:**

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി

- 11 ഫയലുകളിലും സെക്യൂറിൽ നിന്നെടുത്ത ഭരണാനുമതിയുടെ കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്. പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്, സീൽ മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നു എന്നാൽ ഒരു ഫയലിലും തീയതി രേഖപ്പെടുത്തിയിരുന്നില്ല.

**സംയോജിത പദ്ധതി :**

പരിശോധിച്ച 11 ഫയലുകളും സംയോജിത പ്രവർത്തിയല്ല.

**തൊഴിലിനുള്ള അപേക്ഷ:**

- തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചോ എന്നറിയാനുള്ള രേഖ കൂടിയാണിത്.
- പരിശോധിച്ച 11 ഫയലുകളിലും ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.
- ഡിമാന്റുകളിൽ അപേക്ഷ നൽകിയ തിയതി എന്ന് മുതൽ എന്ന് വരെ ഏത് പ്രവർത്തി എന്ന വിവരങ്ങൾ കൃത്യമായി രേഖപെടുത്താത്തതിനാൽ 15 ദിവസത്തിനകം തൊഴിൽ അനുവദിച്ചോ എന്ന് വ്യക്തമല്ല.

**<u>പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം</u>:**

പ്രവർത്തി തൊഴിലാളികൾക്ക് നൽകി എന്നതിന്റെ രേഖയാണ് പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള ഫോം.

- പരിശോധിച്ച 11 ഫയലുകളിലും പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള ഫോം ഉണ്ടായിരുന്നു.
- പ്രവർത്തി എന്ന് തുടങ്ങുമെന്നും അവസാനിക്കുമെന്നും കൃത്യമായ രേഖപ്പെടുത്തിയിരുന്നു.

**<u>മസ്റ്റർ റോൾ:</u>**

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മസ്റ്റർ റോൾ.

- പരിശോധിച്ച 11 ഫയലുകളിലും മസ്റ്റർറോൾ ഉണ്ടായിരുന്നു . ഇതിൽ തൊഴിലാളികളുടെ ഒപ്പുകൾ,അവരുടെ തൊഴിൽ ദിനങ്ങൾ,കൂലി, ഉപകരണ വാടക എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- മസ്റ്റർ റോളിൽ മേറ്റ്, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ പരിശോധിച്ച ഫയലുകളിലെ മസ്റ്റർ റോളുകളിൽ പഞ്ചായത്ത് അസിസ്റ്റന്റ്

സെക്രട്ടറി എന്നിവരുടെ ഒപ്പും,സീലും രേഖപെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല . മേറ്റിന്റെ ഒപ്പ് കാണാൻ സാധിച്ചു.

- മെഷർമെൻറ് ബുക്കിന്റെ നമ്പർ എല്ലാ മസ്റ്റർ റോളിലും ഉണ്ടായിരുന്നു.

- പ്രളയക്കെടുതി നേരിട്ട് തോടുകളും കാനകളുടെയും പുനരുദ്ധാരണം എന്ന് ഫയലിലെ മസ്റ്റർ റോളിൽ കുറെ തൊഴിലാളികളുടെ ഒപ്പ് ഉണ്ടായിരുന്നില്ല.

**<u>മെഷർമെന്റ് ബുക്ക്:</u>**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച എല്ലാ ഫയലുകളിൽ മെഷർമെൻറ് ബുക്ക് ഉണ്ടായിരുന്നു

- മെഷർമെന്റ് ബുക്ക് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡണ്ട് സർട്ടിഫൈ ചെയ്യേണ്ടതാണ് പരിശോധിച്ച എല്ലാ ഫയലുകളിലെയും മെഷർമെന്റ് ബുക്ക് സെർട്ടിഫൈ ചെയ്തിട്ടുണ്ട്.

- പ്രളയക്കെടുതി നേരിട്ട് തോടുകളും കാനകളും പുനരുദ്ധാരണം എന്ന പ്രവർത്തിയിൽ രണ്ട് മെഷർമെന്റ് ബുക്ക് ഉണ്ടായിരുന്നു
- എല്ലാ വർക്കിലും പ്രീ മെഷർമെൻറ്, തീയതി എന്നിവ രേഖപെടുത്തിയിട്ടുണ്ട്. ചില പേജുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.എന്നാൽ തീയതി രേഖപ്പെടുത്തിയിരുന്നില്ല .തീയതി രേഖപ്പെടുത്തിയാൽ മാത്രമേ ആര് എപ്പോൾ അളവുകൾ രേഖപ്പെടുത്തിയെന്നും ,ആര്, എപ്പോൾ അത് ക്രോസ്സ് ചെക്ക് ചെയ്തു എന്നും മനസിലാക്കാൻ സാധിക്കുകയുള്ളു.കാലതാമസം സംബന്ധിച്ച ആക്ഷേപം ഉണ്ടായാൽ തീയതി അത്യാവശ്യമാണ്.

**<u>മെറ്റീരിയൽ ബിൽ വൗച്ചർ :</u>**

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള പ്രവർത്തികളിൽ അവയിൽ ഉപയോഗിച്ച സാധന സാമഗ്രികളുടെ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ

മെറ്റീരിയൽ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തികൾ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ബില്ല്,വൗച്ചർ എന്നിവ ഇല്ല.

**<u>വേജ് ലിസ്റ്റ്:</u>**

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട വേതനം, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്.

- പരിശോധിച്ച ഫയലുകളിൽ 11 ഫയലുകളിലും വേജ്ലിസ്റ്റ് ഉണ്ടായിരുന്നു.
- വേജ്ലിസ്റ്റുകൾ മസ്റ്റർ റോളിന് അനുപാതികമായിരുന്നു.

**<u>ഫണ്ട് ട്രാൻസ്ഫർ ഓർഡർ:</u>**

വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയതിനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ.പ്രവർത്തിയിൽ ചിലവായ മുഴുവൻ തുകയും ആർക്ക്, എപ്പോൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലിലും നിർബന്ധമായും കാണേണ്ടതാണ് .

- പരിശോധിച്ച 10 ഫയലിലും എഫ് ടി ഒ ഉണ്ടായിരുന്നില്ല.
- ഒരു ഫയലിൽ മാത്രം എഫ് ടി ഓ കാണാൻ സാധിച്ചു.

**<u>പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം</u>**

പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അഥവാ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

- എല്ലാം ഫയലിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു .

**<u>മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്</u>**

- ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും , മസ്റ്റർറോൾ അനുവദിച്ചത് മുതൽ വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിലാണ് നടന്നത് എന്ന് മനസിലാക്കാനുള്ള രേഖയാണ് മസ്റ്റർ റോൾ മൂവ്മെന്റ്സ്ലിപ്. എല്ലാ ഫയലിലും മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പിൽ കൃത്യമായി ഒപ്പിനൊപ്പം തിയതി രേഖപ്പെടുത്തേണ്ടതുണ്ട്.

**<u>ഫോട്ടോഗ്രാഫ്:</u>**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ,പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

- പരിശോധിച്ച 3 ഫയലുകളിലും ഫോട്ടോകൾ ഉണ്ടായിരുന്നില്ല.

പരിശോധിച്ച് നാല് ഫയലുകളിൽ ഫോട്ടോ ഉണ്ടായിരുന്നു.

**<u>റോയൽറ്റി</u>**

പരിശോധിച്ച 11ഫയലുകളിൽ 3 ഫയലിൽ പ്രവർത്തി നടന്ന സ്ഥലങ്ങളുടെ കരം അടച്ച രസീതുകൾ സൂക്ഷിച്ചിരുന്നു.

**<u>ജിയോ ടാഗ്ഗ് ഫോട്ടോസ്</u>**

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഗ് ഫോട്ടോസ്. എന്നാൽ ഇവ ഈ ഫയലിൽ കണ്ടെത്തിയില്ല.

**<u>സൈറ്റ് ഡയറി</u>**

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി.

- പരിശോധിച്ച എല്ലാ ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.

- സൈറ്റ് ഡയറികളിൽ ചെക്ക് ലിസ്റ്റ് ,മിനിറ്റ്സ്, തൊഴിലാളികളുടെ സാഷ്യപത്രം, തൊഴിലുപകരണങ്ങളുടെ വാടക,പദ്ധതിചെലവ്, VMC റിപ്പോർട്ട് , സന്ദർശന കുറിപ്പ് എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് . ഇത് അഭിനന്ദാർഹമാണ്.

## <u>രജിസ്റ്റർ</u>

**1.തൊഴിൽ കാർഡ് രജിസ്റ്റർ:**

- തൊഴിൽ കാർഡ് രജിസ്റ്റർ പാർട്ട് A, B, C, D എന്നിങ്ങനെയാണ് സൂക്ഷിച്ചിരിക്കുന്നത്. തൊഴിൽ കാർഡ് രജിസ്റ്ററിൽ പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ ഒപ്പ്, മുദ്ര എന്നിവ കാണാൻ സാധിച്ചു.
- പാർട്ട് A യിൽ ഒന്നുമുതൽ ഇരുപത് വരെയുള്ള വാർഡിലെ തൊഴിലുറപ്പ് അംഗങ്ങളുടെ വിവരങ്ങളാണ് ആണ് രജിസ്റ്ററിൽ രേഖപെടുത്തിയിരുന്നത്.ആകെ 5872 അംഗങ്ങളുടെ പേര് വിവരങ്ങൾ ഉണ്ടായിരുന്നു. 2018 മാർച്ച് വരെയുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. പാർട്ട് എ യിലെ കോളം 10, 11(ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ് ) അപൂർണമായിരുന്നു.
- പാർട്ട് B യിൽ വർക്കേഴ്‌സ് ന്റെ പേര്, വിലാസം, തൊഴിൽ കാർഡ് നമ്പർ, ഫോട്ടോ, രജിസ്റ്റർ ചെയ്ത ഡേറ്റ്, അക്കൗണ്ട് നമ്പർ ഡീറ്റെയിൽസ് രേഖപ്പെടുത്തിയിരുന്നു
- 200 പേരുടെ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.
- പാർട്ട് സി യിൽ തൊഴിലാളി വിവരങ്ങൾ, തൊഴിൽ കാർഡ് നമ്പർ, തൊഴിൽ കാർഡ് ഇഷ്യൂ ഡേറ്റ് ഉണ്ടായിരുന്നു.ആകെ 186 അംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസ് പൂർണമല്ല.
- പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.
- പാർട്ട്ഡയിൽ ആകെ 14149 പേരുടെ വിവരങ്ങൾ ഉണ്ടായിരുന്നു. എല്ലാ കോളങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്, കൂടാതെ എല്ലാ വാർഡുകളിലെയും വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.
- അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ സീലും സൈനും ഉണ്ടായിരുന്നു
- 2019 -2020 ഈ വർഷത്തെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്

**2. തൊഴിൽ ആവശ്യപ്പെടുന്നതും അനുവദിക്കുന്നത് സംബന്ധിച്ച രജിസ്റ്റർ:**

- 2019-2020 വരെയുള്ള തൊഴിൽ ആവശ്യപ്പെട്ടതും അനുവദിച്ചിരിക്കുന്നതുമായ ഡീറ്റെയിൽസ് ആണ് കാണാൻ കഴിഞ്ഞത്.
- ഡിമാൻഡ് ചെയ്ത തിയതിയും വർക്ക് അനുവദിച്ച തിയതിയും ഓരോ തൊഴിലാളിയുടെയും പേരിനു നേരെ രേഖപ്പെടുത്തിയിരുന്നു.
- തൊഴിലാളികൾ എത്ര ദിവസം മുതൽ എത്ര ദിവസം വരെ തൊഴിൽ ചെയ്തു എന്ന ഡീറ്റെയിൽസ്, വേതനം കൊടുത്ത ഡേറ്റ്, തുക രേഖപ്പെടുത്തിയിരുന്നു.
- എന്നാൽ 2017-2018 കാലയളവിൽ ആർക്കുംതന്നെ തൊഴിലില്ലായ്മ വേതനം കൊടുത്തതിന്റേയോ വേതനം വൈകിയതിന് നഷ്ടപരിഹാരം കൊടുത്തതിന്റെയോ കണക്കു വിവരങ്ങൾ എഴുതിയിരുന്നില്ല.
- ഡിമാൻഡ് അലോക്കേഷൻ രജിസ്റ്റർ 2 എണ്ണമുണ്ടായിരുന്നു.രണ്ട് രജിസ്റ്ററും പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.

**3.ഗ്രാമസഭാ രജിസ്റ്റർ:**

- ഗ്രാമസഭ രജിസ്റ്ററിൽ എല്ലാ വാർഡിന്റെയും ഒരുമിച്ചാണ് സൂക്ഷിച്ചിരിക്കുന്നത്.
- ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള തൊഴിലാളി ഗ്രാമസഭ 24/10/2016 ൽ കൂടിയിട്ടുണ്ട്.376 പേർ പങ്കെടുത്തു. അന്ന് തന്നെ JBDO യുടെ ക്ലാസ്സ് ഉണ്ടായിരുന്നു.
- 12/12/17 ൽ 522 പേർ പങ്കെടുത്ത മീറ്റിംഗിന്റെ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.അതിനു ശേഷം 30/11/2018 ൽ ഗ്രാമസഭ കൂടിയതിൽ 721 പേർ പങ്കെടുത്തു.
- എല്ലാ ഗ്രാമ സഭ യോഗത്തിന്റെയും മിനുട്ട്സ് കാണുവാൻ സാധിച്ചു.
- 2019-2020ലെ ഷെൽഫ് ഓഫ് വർക്കിലേക്കു 767 വർക്ക് നീക്കിവെച്ചിരിക്കുന്നതിൽ 488 വർക്ക് അംഗീകരിച്ചിട്ടുണ്ട്.
- 2019-2020 സാമ്പത്തിക വർഷത്തിലെ 115980 മാൻ ഡേയ്സ്, 52384300 രൂപയുടെ ലേബർ ബഡ്ജറ്റ് ഗ്രാമ സഭ പാസ്സാക്കിയിട്ടുണ്ട്.

**4. വർക്ക് രജിസ്റ്റർ:**

- IF/236098- കയ്യാല നിർമാണം, 1608004005/IF/326293-വാർഡ് 8 മരോട്ടിക്കടവ് നീർത്തടത്തിൽ ഉൾപ്പെടുന്ന തരിശുഭൂമി കൃഷിക്കനുയോജ്യമാക്കൽ റീച് 2, 1608004005/IF/326221 തല-പുഞ്ച നീർത്തടത്തിൽ ഉള്ള തരിശുഭൂമി കൃഷിക്കനുയോജ്യം ആക്കൽ റീച്ച് 1, 1608004014/IF/326328 വളയൻചിറങ്ങര

നീർത്തടത്തിൽ ഉൾപ്പെടുന്ന തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ, വാർഡ് 7 കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾ റീച് 1 എന്നീ പ്രവൃത്തികളുടെ ഡീറ്റെയിൽസ് കാണാൻ സാധിച്ചു.

- 2019-2020 വർഷത്തെ മസ്റ്റർ റോൾ നമ്പർ, വേജ് ലിസ്റ്റ് നമ്പർ, എമൗണ്ട് തുടങ്ങി എല്ലാ വിവരങ്ങളും നല്ല രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്
- വേജ് ലിസ്റ്റ് നമ്പർ, മസ്റ്റർ റോൾ നമ്പർ, പേയ്മെൻ്റ് ഡേയ്സ്, വേതനം കൊടുത്ത ഡീറ്റെയിൽസ് രേഖപ്പെടുത്തിയിരുന്നു
- സെമി സ്കിൽഡ് തൊഴിലാളികൾ ചെയ്ത ചില പ്രവൃത്തിയിൽ ഡ്യൂ എമൗണ്ട് കാണിച്ചിരുന്നു
- പഞ്ചായത്ത് സെക്രട്ടറി സൈൻ, സീൽ വെച്ച് സർട്ടിഫൈ ചെയ്തിരുന്നു.

## 5. ഫിക്സഡ് അസറ്റ് രജിസ്റ്റർ:

- 2019-2020 കാലയളവിലെ 3 രജിസ്റ്ററുകൾ കാണാൻ സാധിച്ചു.
- 2019-2020 ലെ വർക്കുകളുടെ വിവരങ്ങൾ കാണാൻ സാധിച്ചു.
- ഫിക്സഡ് അസറ്റ് രജിസ്റ്റർ പാർട്ട് എ,പാർട്ട് ബി ആയി തിരിച്ചിരുന്നു.പാർട്ട് എയിൽ അസറ്റ് ഡീറ്റെയിൽസ് ഉം പാർട്ട് ബി യിൽ വർക്ക് ഡീറ്റെയിൽസ് ഉം രേഖപ്പെടുത്തിയിരുന്നു.
- ഓരോ വർക്കും MGNREGS A.E ധന്യ സൈൻ ചെയ്തിരുന്നു.
- ഒരു വർക്കിന് ഉം അസറ്റ് ഐഡി രേഖപ്പെടുത്തിയിരുന്നില്ല.
- WC, LD, RS, FR, IC, IF, DW എന്നീ ക്ലാസ് ഓഫ് അസറ്റ് ലുള്ള പ്രവർത്തികൾ ആണ് ചെയ്തിരുന്നത്.
- പഞ്ചായത്ത് സെക്രട്ടറി വെരിഫൈ ചെയ്തിരുന്നില്ല.

## 6.പരാതി രജിസ്റ്റർ:

- പരാതി രജിസ്റ്റർ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായിരുന്നു.
- കൂവപ്പടി ജോയിന്റ് ബി.ഡി.ഒ വെരിഫൈ ചെയ്തിരുന്നു.
- പരാതി രജിസ്റ്ററിൽ പരാതികളൊന്നും കാണാൻ കഴിഞ്ഞില്ല.

## 7. മെറ്റീരിയൽ രജിസ്റ്റർ:

- 2019-2020 കാലയളവിലെ മെറ്റീരിയൽ രജിസ്റ്റർ ആണ് പരിശോധിച്ചത്.
- വാർഡ് 5 ൽ നടന്ന 10 മെറ്റീരിയൽ വർക്കിന്റെ പ്രവർത്തികളുടെ മെറ്റീരിയൽ ഡീറ്റെയിൽസ് രജിസ്റ്ററിൽ കാണാൻ കഴിഞ്ഞു .

- വൗച്ചർ ബിൽ നമ്പർ, ബിൽ ഡേറ്റ്, മെറ്റീരിയൽ ക്വാണ്ടിറ്റി ഡീറ്റെയിൽസ് രേഖപ്പെടുത്തിയിരുന്നു.
- ടെക്നിക്കൽ അസിസ്റ്റന്റ് സിഗ്നേച്ചർ രേഖപ്പെടുത്തിയിരുന്നില്ല.
- ജോയിന്റ് ബി.ഡി.ഒ വെരിഫൈ ചെയ്തിരുന്നു.
- പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.

## 1) വാർഡ് 13 ലെ പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം.

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം.( 0-350m) റീച്ച് 1 | 1608004005/ IC/317784 | 30/11/2018 | 7/12/2018 | 30500 | 24012 |
| 2 | പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം.( 350-700m) റീച്ച് 2 | 1608004005/IC/318334 | 30/11/2018 | 7/12/2018 | 30500 | 24012 |
| 3 | പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം.( 700-1050m)റീച്ച് 3 | 1608004005/IC/318335 | 15/12/2018 | 21/12/2018 | 30000 | 24840 |
| 4 | പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം.( 1050-1400m) റീച്ച് 4 | 1608004005/IC/318336 | 30/11/2018 | 7/12/2018 | 37500 | 27324 |
| 5 | പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം.( 1400-1750m) റീ ച് 5 | 1608004005/IC/318337 | 15/11/2018 | 21/12/2018 | 37500 | 32560 |

- കനാൽ പലയിടത്തും വൃത്തിഹീനമായി കാണപ്പെട്ടു.വീണ്ടും ശുചിയാക്കേണ്ട അവസ്ഥയിൽ ആയിരുന്നു.
- തൊഴിലാളികൾക്കു പ്രവർത്തി സമയത്ത് കയ്യുറ,കാലുറ എന്നിവ നൽകിയിരുന്നു. പ്രതിരോധ ഗുളികകൾ ലഭ്യമായിരുന്നു.
- ബ്രാഞ്ച് കനാലിലെ മെഷർമെന്റ് ഇൽ 3 ഭാഗമായി ആണ് വർക്ക് നടന്നിരുന്നത്. ഇതിന്റെ മൊത്തം നീളം 1400 മീറ്റർ ആയിരുന്നു അതിൽ 918 മീറ്റർ പരിശോധനയിൽ ലഭിച്ചത്. എന്നാൽ വീതി പലയിടങ്ങളിലും വ്യത്യസ്തമായതിനാൽ, കൃത്യമായി അളക്കാൻ കഴിഞ്ഞില്ല.
- കനാലിന്റെ പ്രവർത്തികൾ സിഐ ബി ബോർഡ് വെച്ചിട്ട് ഉണ്ടായിരുന്നില്ല.
- കാടുകയറിയും ചെളി നിറഞ്ഞതും വൃത്തിഹീനമായ രീതിയിലുമാണ് കനാൽ കാണപ്പെട്ടത് ചില ഇടങ്ങളിൽ വീതി വ്യത്യാസം ഉണ്ടായിരുന്നു.

| നമ്പർ | വർക്ക് നെയിം | പ്രവൃത്തി | എസ്റ്റിമേറ്റ് ബുക്കിൽ രേഖപ്പെടുത്തി അളവ് | എംബുക്കിൽ രേഖപ്പെടുത്തി അളവ് | പരിശോധനയിൽ ലഭിച്ച അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം .(0-350m) റീച്ച് 1 | ചെളി കോരൽ | L-350<br>B-1.30 | L-350<br>B-1.30 | L-350<br>B-1.30 | കാടുകയറിയുംചെടിനിറഞ്ഞതുംവൃത്തിഹീനമായരീതിയിലുമാണ്കനാൽ കാണപ്പെട്ടത് |
| 2 | പുളിയാമ്പിള്ളി | ചെളി | L-350 | L-350 | L-350 | കാടുകയറിയുംചെളിനിറഞ്ഞതുംവൃത്തിഹീനമായരീതിയിലുമാണ്കനാൽ |

| | | | | | | |
|---|---|---|---|---|---|---|
| | ചെറിയ കനാൽ പുനരുദ്ധാരണം .(350-700m) റീച്ച് 2 | കോരൽ | B-1.30 | B-1.30 | B-1.30 | കാണപ്പെട്ടത്ചില ഇടങ്ങളിൽ വീതി വ്യത്യാസം ഉണ്ടായിരുന്നു. |
| 3 | പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം .(750-1050m) റീച്ച് 3 | ചെളി കോരൽ | L-350<br>B-1.30 | L-350<br>B-1.30 | L-350<br>B-2.60 | കാടുകയറിയുംചെളിനിറഞ്ഞതുംവൃത്തിഹീനമായരീതിയിലുമാണ്കനാൽ കാണപ്പെട്ടത്.വീതി പലയിടത്തും വ്യത്യാസം ഉണ്ടായിരുന്നു |
| | പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം .(1050-1400m) റീച്ച് 4 | ചെളി കോരൽ | L-350<br>B-1.30 | L-350<br>B-4.40 | L-354<br>B-2.60 | പരിശോധന സമയത്ത് കാടുപിടിച്ച് നിലയിലായിരുന്നു. |
| | പുളിയാമ്പിള്ളി ചെറിയ കനാൽ പുനരുദ്ധാരണം .(1400-1700m) റീച്ച് 5 | ചെളി കോരൽ | L-350<br>B-1.30 | L-350<br>B-1.30 | L-356<br>B-1.50 | പരിശോധന സമയത്ത് കനാൽ ഇരുകരകളും കാടുപിടിച്ച് നിലയിലായിരുന്നു. |

**2. വാർഡ് 13 ലെ മഠത്തി പടി കനാൽ പുനരുദ്ധാരണം.**

| **വർക്ക് നെയിം** | **വർക്ക് കോഡ്** | **ആരംഭിച്ച തീയതി** | **അവസാനിച്ച തീയതി** | **എസ്റ്റിമേറ്റ് തുക** | **ചിലവാക്കിയ തുക** |
|---|---|---|---|---|---|
| മടത്തി പടി കനാൽ പുനരുദ്ധാരണം (0-300m) റീച് 1 | 1608004005/IC/318338 | 30/10/2018 | 7/11/2018 | 43000 | 38088 |
| മടത്തി പടി കനാൽ പുനരുദ്ധാരണം.(800-1300m) റീച് 3 | 1608004005/IC/318339 | 15/11/2018 | 22/11/2018 | 59500 | 54648 |
| **വർക്ക് നെയിം** | **പ്രവൃത്തി** | **എസ്റ്റിമേറ്റ് ബുക്കിൽ രേഖപ്പെടുത്തി അളവ്** | **എം ബുക്കിൽ രേഖപ്പെടുത്തി അളവ്** | **പരിശോധനയിൽ ലഭിച്ച അളവ്** | **റിമാർക്സ്** |
| മടത്തിപടി കനാൽ പുനരുദ്ധാരണം | പുനരുദ്ധാരണം | L-300m<br>B-2.60m | L-300m<br>B-2.60m | L-245m<br>B-2.60m - 3m | കനാൽ ഇരുവശങ്ങളിലും കാടുപിടിച്ചു കിടക്കുകയായിരുന്നു. |

| | | | | | |
|---|---|---|---|---|---|
| മടത്തിപടി കനാൽ പുനരുദ്ധാരണം | പുനരുദ്ധാരണം | L-500m<br>B-2.60m | L-500m<br>B-2.60m | L-305m<br>B-2.35m | നടപ്പാത ഇല്ലാത്തതിനാൽ പൂർണ്ണമായി അളവ് എടുക്കാൻ സാധിച്ചില്ല . |

- പരിശോധിച്ച് സമയത്ത് കനാലിന് ഇരുവശങ്ങളും കാടുപിടിച്ച് കിടക്കുകയായിരുന്നു.
- പ്രവർത്തി സമയത്ത് തൊഴിലാളികൾക്ക് കൈയുറകളും കാൽ ഉറകളും ലഭിച്ചിരുന്നില്ല.
- വൃത്തിഹീനമായി കാണപ്പെട്ട നിലയിലായിരുന്നു കനാൽ.
- എസ്റ്റിമേറ്റിൽ കാണിച്ചിരുന്ന നീളവും വീതിയും, ഫീൽഡ് പരിശോധനയ്ക്കു പോയപ്പോൾ വ്യത്യസ്തമായി കിട്ടിയിരുന്നു.

**3)വളയൻചിറങ്ങര നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ മണ്ണ് ജലസംരക്ഷണം റീച് 5.**

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | വാർഡ്13ലെ വളയൻചിറങ്ങര നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ മണ്ണ് ജലസംരക്ഷണം റീച് 5 | 1608004005/<br>WC/299168 | 18/10/2019 | 25/10/2019 | 50000 | 42228 |

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം അളവ് | എം. ബുക്ക് പ്രകാരമുള്ള അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഇട്ടൻ വർഗീസ് | മഴക്കുഴി No-200 | L-1.2m<br>B-1.0m<br>D-.65m | L-1.2m<br>B-1.0m<br>D-.65m | L-2.0m<br>B-0.8m<br>D-0.3m | നിലമൊരുക്കി മഞ്ഞൾ, പച്ചക്കറി നട്ടു.വാഴ, ജാതി, തെങ്ങ് ഇവക്ക് തടം എന്നിവ ഭാഗികമായി കാണാൻ സാധിച്ചു. എന്നാൽ അളവെടുക്കാൻ കഴിഞ്ഞില്ല. |
| 2 | രമണി ജനാർദ്ദനൻ | മഴക്കുഴി | No-200<br>L-1.2m<br>B-1.0m<br>D-.65m | L-1.20m<br>B-1.00m<br>D-0.65m | Nil | കുഴികളിൽ എല്ലാം വാഴനട്ടു ഇരിക്കുന്നതായി കാണപ്പെട്ടു. |
| 3 | വത്സല | മഴക്കുഴി | L-1.20m<br>B-1.00m<br>D-0.65m | L-1.20m<br>B-1.00m<br>D-0.65m | Nil | ഉടമസ്ഥർ മഴക്കുഴികൾ കുഴിക്കുന്നതിനൊപ്പം അവരുടെ ആവശ്യങ്ങൾക്കായി കുഴികൾ<br>മൂടിയതിനാൽ കുഴികൾ കാണാൻ കഴിയുന്നില്ല. |

- കാട് കേറിയതും മൂടിയതുമായ കുഴികൾ അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തവയായിരുന്നു.
- ഉടമസ്ഥർ മഴക്കുഴികൾ കുഴിക്കുന്നതിനോടൊപ്പം അവരുടെ സ്വന്തം ആവശ്യങ്ങൾക്കായി കുഴികൾ മൂടുന്നതിനാൽ അളവ് കൃത്യമായി എടുക്കാൻ കഴിയുന്നില്ല.
- എം. ബുക്ക് പ്രകാരം 200കുഴികളാണ് വേണ്ടത് എന്നാൽ 59 കുഴികൾ കാണാൻ സാധിച്ചത്. കുഴി കുത്തിയിരിക്കുന്ന സ്ഥലങ്ങൾ കാട് പിടിച്ചതിന്നാലും മൂടി പോയതിനാലും കുഴികളുടെ എണ്ണം വ്യക്ത തമല്ല

**4)വളയൻചിറങ്ങര നീർത്തടത്തിൽ മണ്ണ് ജലസംരക്ഷണപ്രവൃത്തി .**

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | വളയൻചിറങ്ങര നീർത്തടത്തിൽ മണ്ണ് ജലസംരക്ഷണ പ്രവൃത്തി | 1608004005/IC/299172 | 01/10/2018 | 04/10/2018 | 49000 | 44702 |

- മണ്ണ് ജല സംരക്ഷണ ത്തിന്റെ ഭാഗമായി കുത്തിയ കുഴികളിൽ വാഴ വെച്ചിരിക്കുന്നത് ആയി കാണാൻ സാധിച്ചു
- കുഴികൾ ഭൂരിഭാഗവും കാടുകയറിയും, മൂടപ്പെട്ടും കിടക്കുന്നതായി കാണാൻ സാധിച്ചു.
- സിഐ ബി ബോർഡ് വച്ചിട്ട് ഉണ്ടായിരുന്നില്ല.
- മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവ് ലഭിച്ചില്ല.

- പ്രവർത്തി വളരെ നല്ല രീതിയിൽ ചെയ്തതായി ഉടമസ്ഥർ സാക്ഷ്യപ്പെടുത്തി.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | മെഷർമെന്റ ബുക്ക് പ്രകാരം- അളവ് | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1. നീലകണ്ഠൻ<br>2. തോമ്പ്ര തമ്പി<br>3. സതി.റ്റി. എം<br>4. സീമ പ്രസാദ്<br>5.ഇട്ടൻ വർഗീസ് | ബണ്ട് :<br><br>മഴക്കുഴി: | No=80<br>L=10m<br>B=.650m<br>D=.500m<br><br>No=180<br>L=1.20m<br>B=1.00m<br>D=.600m | No=80<br>L=10m<br>B=.650m<br>D=.500m<br><br>No=180<br>L=1.20m<br>B=1.00m<br>D=.600m | No=20<br>L=10m<br>B=.650m<br>D=.20m<br><br>No=150<br>L=2.00m<br>B=.800m<br>D=.200m | എംബുക്ക് പ്രകാരമുള്ള മെഷർമെന്റ് ലഭിച്ചില്ല.കുറേ ബണ്ടുകൾ കൃഷിക്കനുയോജ്യം ആക്കിയതിനു ശേഷം മുടി കളഞ്ഞിരുന്നു<br><br>കുറേ കുഴികൾ മെഷർമെന്റ് എടുക്കാൻ സാധിക്കാത്തവ ആയിരുന്നു. |

**5) പതിമൂന്നാം വാർഡിലെ മണ്ണ് ജല സംരക്ഷണ പ്രവൃത്തി**

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | മണ്ണ് ജലസംരക്ഷണ പ്രവൃത്തി | 1608004005/WC/349210 | 15/03/2019 | 27/03/2019 | 127500 | 115920 |

- ഇട്ടൻ വർഗീസ്, അരവിന്ദാക്ഷൻ എന്നിവരുടെ പ്രവർത്തി സ്ഥലത്താണ് മണ്ണ് ജലസംരക്ഷണം എന്ന പ്രവർത്തി നടത്തിയത്, അരവിന്ദാക്ഷൻ എന്ന വ്യക്തിയുടെ സ്ഥലത്ത് മഴക്കുഴി എന്ന പ്രവർത്തി കാണാൻ കഴിഞ്ഞില്ല.
- സി ഐ ബി ബോർഡ് വെച്ചിട്ടുണ്ട് ആയിരുന്നില്ല.
- പ്രവർത്തി സ്ഥലം മുഴുവൻ കാട് പിടിച്ചിരിക്കുന്നത് ആയി കാണാൻ കഴിഞ്ഞു
- പ്രവർത്തി തൊഴിലുറപ്പുകാർ വളരെ നല്ല രീതിയിൽ ചെയ്തു ഉടമസ്ഥർ സാക്ഷ്യപ്പെടുത്തി.
- അരവിന്ദാക്ഷൻ എന്ന ആളുടെ സ്ഥലത്ത് മഴ കുഴിയിൽ വാഴ വച്ചിരിക്കുന്നത് കാണാൻ സാധിച്ചു.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | മെഷർമെന്റ ബുക്ക് പ്രകാരം-അളവ് | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 1.അരവിന്ദാക്ഷൻ<br>2.ഇട്ടൻ വർഗീസ് | മഴക്കുഴി: | NO=280<br>L=1.20m<br>B=1.00m<br>D=.600m | No=280<br>L=1.20m<br>B=1.00m<br>D=.600m | No=150<br>L=2.00m<br>B=.800m<br>D=.200m | പ്രവർത്തിയുടെ ഫലം കാണാൻ കഴിഞ്ഞില്ല. |

## 6) പ്രളയക്കെടുതി നേരിട്ട് തോടുകളുടെയും കാനകളുടെയും പുനരുദ്ധാരണം റീച് 2

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | പ്രളയക്കെടുതി നേരിട്ട തോടുകളുടെയും കാനകളുടെയും പുനരുദ്ധാരണം. | 1608004005/FP/345485 | 21/01/2019 | 04/03/2019 | 1300000 | 1292520 |

- പ്രളയക്കെടുതി നേരിട്ട് തോടുകളുടെ യും കാനകളുടെയും പുനരുദ്ധാരണം എന്ന പ്രവർത്തിയിൽ കുറെ ഭാഗങ്ങൾ കാടുപിടിച്ചു കിടക്കുന്നതിനാൽ പൂർണമായും ഉള്ള മെഷർമെന്റ് എടുക്കാൻ സാധിച്ചില്ല
- പ്രവർത്തി ചെയ്യുന്ന സമയത്ത് കാലുറ, കൈയുറ എന്നിവ ലഭിച്ചു എന്ന് തൊഴിലാളികൾ പറഞ്ഞു
- സിഐ ബി ബോർഡ് പ്രവർത്തി സ്ഥലത്ത് വച്ചിട്ടുണ്ടായിരുന്നില്ല.

| നമ്പർ | വർക്ക് നെയിം | പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ഉള്ള അ | മെഷർമെന്റ് പ്രകാരം ഉള്ള | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ളവ് | അളവ് | | |
| 1 | കോയിക്കതോട് | ചെളികോരൽ | L-1020m B-.800m | L-1020m B-.800m | L-279m B-.800m | എസ്റ്റിമേറ്റ്പ്രകാരമുള്ളമെഷർമെന്റ്എടുക്കാൻകഴിഞ്ഞില്ല.കാടുകേറികിടക്കുന്നതിനാലുംനടപ്പാത ഇല്ലാത്തതിനാലും അളവ്എടുക്കാൻപറ്റിയ അവസ്ഥയിലായിരുന്നില്ല. |
| 2 | കൊരങ്ങാട്ടിപാടംതോട് | ചെളികോരൽ | L-800m B-.650m | L-800m B-.650m | L-31m B-.650m | കമ്പനിയുടെ പുറകിലൂടെതോട് പോകുന്നത്. നടപ്പാതഇല്ലാത്തതും കാടുപിടിച്ചു കിടക്കുന്നതിനാൽ പൂർണമായി അളക്കാൻ സാധിച്ചില്ല. |
| 3 | ചൂർണ്ണവയൽതോട് | ചെളികോരൽ | L-1080m B-.700m | L-1080m B-.700m | L-179m B-.700m | നടപ്പാത ഇല്ലാത്തതിനാൾ അളവെടുക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്കാണപ്പെട്ടത്. |
| 4 | വലിയതോട് | ചെളികോരൽ | L-600m B-1.00m | L-600m B-1.00m | L-353m B-1.00m | കാടുകയറികിടക്കുന്നഅവസ്ഥയായിരുന്നു. പൂർണമായി അളക്കാൻ സാധിച്ചില്ല. |
| 5 | പുളിയാമ്പിള്ളിഫീൽഡ് ചാനൽ | ചെളികോരൽ | L-1050m B-.600 | L-1050m B-.600m | L-450m B-1.00m | കാട് പിടിച്ചിരിക്കുന്നു നടപ്പാത ഇല്ലാത്തതിനാൽ പൂർണമായി അളക്കാൻ സാധിച്ചില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 6 | കുററി ക്കാട്ട് അമ്പ ലം തോട് | ചെളി കോരൽ | L-1200 m<br>B-.600 m | L-1200m<br>B-0.60 m | L-289m<br>B-0.60m | കാട് പിടിച്ചിരിക്കുന്നതിനാലും,നടപ്പാത ഇല്ലാത്തതിനാലും പൂർണ്ണമായി അളക്കാൻ സാധിച്ചില്ല. |
| 7 | സ്ലൂയിസ് | ചെളി കോരൽ | L-2600 m<br>B-0.50 m | L-2600m<br>B-0.50 m | L-866m<br>B-0.50m | കാടുപിടിച്ചിരിക്കുന്നതിനാൽ പൂർണ്ണമായി അളവെടുക്കാൻ സാധിച്ചില്ല. |

**പൊതു നിരീക്ഷണങ്ങൾ:**

- തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിനു ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്.
- ഫയലുകളിൽ ഡോക്യുമെന്റസ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പു ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം അഭിനന്ദനാർഹമാണ്.
- ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തന വിരസത കാണുന്നു.
- ഗ്രാമസഭകളുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മയും ഉറപ്പു വരുത്തേണ്ടതാണ്.
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ പരിശോധന കൃത്യമായി നടത്തുന്നുണ്ട്.
- ആയുധങ്ങൾക്ക് കൂലിയുടെ കൂടെ 5 രൂപ വീതം വാടക ലഭിക്കാറുണ്ടെന്ന് തൊഴിലാളികൾ പറഞ്ഞു.
- തൊഴിൽ സ്ഥലത്ത് വച്ച് അപകടം ഉണ്ടായിട്ടില്ല എന്ന് അറിയാൻ സാധിച്ചു.
- കഴിഞ്ഞ സാമ്പത്തിക വർഷം 150 പ്രവർത്തി ദിനങ്ങൾ ഉണ്ടായി അതിൽ ഒരാൾക്കു 150 പണി ലഭിച്ചു. 100ൽ കൂടുതൽ പ്രവർത്തി ദിനങ്ങൾ ഭൂരിഭാഗം

തൊഴിലാളികൾക്കും ലഭിച്ചു. അതിനുള്ള ബോണസും തൊഴിലാളികൾക്ക് ലഭിച്ചുയെന്ന് അറിയാൻ കഴിഞ്ഞു

**<u>തൊഴിലാളികളുടെ നിർദേശവും പരാതികളും:</u>**

- പ്രവർത്തി സമയം രാവിലെ രാവിലെ 9 മണി മുതൽ മുതൽ വൈകുന്നേരം 4 മണിവരെ ആകണമെന്ന് തൊഴിലാളികൾ നിർദ്ദേശിച്ചു.
- കൂലി 271ൽ നിന്ന് 350 രൂപയായി വർധിപ്പിക്കണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു.
- ഉച്ചഭക്ഷണ സമയത്ത് ഒരു മണിക്കൂർ അത്യാവശ്യഘട്ടങ്ങളിൽ വീടുകളിൽ പോയി വരുന്നതിന് നിയന്ത്രണമേർപ്പെടുതരുത് എന്ന് തൊഴിലാളികൾ പറഞ്ഞു.
- പ്രവൃത്തി പൂർത്തികരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കൂലി ലഭിക്കാത്തതിൽ തൊഴിലാളികൾ പരാതിപ്പെട്ടു.
- വേതനം ലഭിക്കുന്നത് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക്ക് ശേഷമാണ് ആയതിനാൽ തൊഴിലുറപ്പിന് മാത്രം ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

<u>നന്ദി</u>

രായമംഗലം ഗ്രാമപഞ്ചായത്തിലെ 2018 -19 സാമ്പത്തിക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കുവാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, വാർഡ് മെമ്പർ, തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ, പ്രവർത്തനങ്ങൾക്ക് സഹായിച്ച മേറ്റ്മാർ, തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## രായമംഗലം ഗ്രാമപഞ്ചായത്ത് പതിമൂന്നാം വാർഡ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിറ്റ്

കൂവപ്പടി ബ്ലോക്കിലെ രായമംഗലം പഞ്ചായത്തിലെ പതിമൂന്നാം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 30/11/2019 ന് ഉച്ചകഴിഞ്ഞ് രണ്ടരയോടെ പുല്ലുവഴി വായനശാല ഹാളിൽ വെച്ച് നടന്നു.ഏകദേശം 35 ഓളം പേർ ഗ്രാമസഭയിൽ പങ്കെടുത്തു. ഈശ്വര പ്രാർത്ഥനയോടെ ചടങ്ങുകൾ ആരംഭിച്ചു. അതിനുശേഷം അധ്യക്ഷയെ തിരഞ്ഞെടുത്തു. തൊഴിലാളികൾ നിന്ന് ദിവ്യ രാജിനെ ആണ് അധ്യക്ഷയായി തിരഞ്ഞെടുത്തത്. അതിനുശേഷം ഭരണഘടന പ്രതിജ്ഞ വി ആർ പി അനിത ഗോപി എല്ലാവർക്കുമായി ചൊല്ലിക്കൊടുത്തു. സ്വാഗതം വാർഡ് മെമ്പർ വിജി ഷാജീവ് പറഞ്ഞു. അതിനുശേഷം ഉദ്ഘാടന പ്രസംഗം ജ്യോതിഷ് കുമാർ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) നിർവഹിച്ചു. അധ്യക്ഷ പ്രസംഗം ദിവ്യ രാജ് പറയുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ആമുഖം വി ആർ പി അഖിൽ വി ജെ പറഞ്ഞു. അതിനുശേഷം വി ആർ പി പ്രിയങ്ക പ്രകാശൻ, അനിത ഗോപി എന്നിവ റിപ്പോർട്ട് അവതരിപ്പിച്ചു ഓരോ ഫയലിലും കാണേണ്ട 22 രേഖകൾ കൾ എന്തെല്ലാം എന്നും അവയിൽ ഏതൊക്കെ പരിശോധിച്ച് ഫയലുകളിൽ കാണാൻ സാധിച്ചു എന്നും അവതരിപ്പിച്ചു.അതിനുശേഷം റിപ്പോർട്ടിൻമേൽ വിശദമായ ചർച്ച നടന്നു.

ചർച്ചയിൽ വന്ന പ്രധാന വിഷയങ്ങൾ

- പ്രവർത്തി സമയം ആരംഭിച്ചു അര മണിക്കൂറിനു ഉള്ളിൽ അബ്സെൻ്റ് മെറ്റ് രേഖ പെടുത്തുന്നില്ല എന്ന് ഒരു തൊഴിലാളി പരാതി ഉന്നയിച്ചു.
- തൊഴിലിന്റെ വേതനം കിട്ടുന്നത് വൈകുന്നതു കൊണ്ട്, തൊഴിലാളികൾ തൊഴിലുറപ്പിൽ നിന്നും മാറി നിൽക്കുകയാണെന്ന് ഒരു പരാതി ഉണ്ടായി.
- അത്യാവശ്യഘട്ടങ്ങളിൽ വീടുകളിൽ പോയി വരുന്നതിന് നിയന്ത്രണം ഏർപ്പെടുതരുത് എന്ന് അധ്യക്ഷ പറഞ്ഞപ്പോൾ, നിങ്ങൾ ഇതുവരെ എങ്ങനെ തുടർന്നുവോ അതുപോലെതന്നെ തുടർന്നാൽ മതിയെന്ന് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജ്യോതിഷ് കുമാർ മറുപടി പറഞ്ഞു.
- പണിക്ക് ഡിമാൻഡ് നല്കിയിട്ട് വരാതിരുന്നാൽ നൂറു പണി ലഭിക്കുവാനുള്ള അവസരം നഷ്ടപ്പെടുമോ എന്ന് ഒരു തൊഴിലാളി സംശയം വ്യക്തമാക്കി. എം ജി എൻ ആർ ഇ ജി എസ് വകുപ്പ്ഉദ്യോഗസ്ഥ ഡിമാൻഡ് കൊടുത്തിട്ട് കഴിവതും പ്രവർത്തി അനുവദിക്കുമ്പോൾ അബ്സെൻ്റ് ആവരുത് എന്ന് മറുപടി പറഞ്ഞു.

- വേതനം വൈകുന്നതിനുള്ള ആശങ്ക ഒരു വിഭാഗം തൊഴിലാളികൾ വ്യക്തമാക്കി, അതിനു മറുപടിയായി എൻ ജി എൻ ആർ ഇ ജി എസ് ഉദ്യോഗസ്ഥ പഞ്ചായത്തിൻറെ ഭാഗത്തുനിന്ന് രേഖകളെല്ലാം പോയിട്ടുണ്ടെന്നും കേന്ദ്രത്തിൽനിന്ന് ഫണ്ട് വൈകുന്നതാണ് വേതനം വൈകുന്നതിനു കാരണം എന്നും അവരെ അറിയിച്ചു.
- തൊഴിലുറപ്പ് പണിയിൽ നിന്നും പിരിഞ്ഞു പോവുകയാണെങ്കിൽ ഭാവിയിൽ എന്തെങ്കിലും ആനുകൂല്യങ്ങൾ തൊഴിലുറപ്പിൽ നിന്ന് തങ്ങൾക്ക് ലഭിക്കുമോ എന്ന് തൊഴിലാളികൾ ചോദിച്ചു? ഇതൊരു നിർദേശമായി ഉൾപ്പെടുത്താമെന്ന് ഉദ്യോഗസ്ഥർ മറുപടി പറഞ്ഞു.
- ഈ വാർഡിലെ തൊഴിലാളികൾക്ക് കൈയുറ കളും കാൽഉറകളും, പ്രതിരോധ മരുന്നുകളും എല്ലാം ലഭിക്കുന്നുണ്ടെന്ന് തൊഴിലാളികൾ പറഞ്ഞു.
- തൊഴിലിടത്തിൽ എന്തെങ്കിലും അപകടം ഉണ്ടായാൽ എന്ത് ചെയ്യണമെന്ന് തൊഴിലാളികൾക്ക് വ്യക്തത ഇല്ലായിരുന്നു, അതിനു തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥൻ മറുപടി ആയി അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പോവുകയോ, ഗവൺമെൻറ് ആശുപത്രിയിൽ ചികിത്സ തേടുകയോ ചെയ്യാമെന്നും, വിദഗ്ദ്ധ സ്വകാര്യ ആശുപത്രികളിൽ പോവുകയാണെങ്കിൽ ബില്ല് പഞ്ചായത്തിൽ ഏൽപ്പിച്ചാൽ പണം അനുവദിക്കുമെന്നും അറിയിച്ചു.സൈറ്റ് ഡയറിയിൽ ഈ കാര്യങ്ങൾ രേഖപ്പെടുത്തണമെന്നും അറിയിച്ചു.
- ഒരു കുടുംബത്തിൽ നിന്ന് രണ്ടു തൊഴിലാളികൾ പണി ചെയ്യുന്നുണ്ടെങ്കിൽ രണ്ടു തൊഴിലാളികൾക്കും നൂറു പണി വീതം അനുവദിക്കുമോ എന്ന് തൊഴിലാളികൾ ഗ്രാമസഭയിൽ നിർദ്ദേശം വെച്ചു.
- ഇപ്പോൾ ലഭിക്കുന്ന കൂലി ആയ 271 രൂപ 350 ആക്കിയാൽ നന്നായിരുന്നു എന്ന് ഗ്രാമസഭയിൽ അഭിപ്രായപ്പെട്ടു.
- ആസ്തി വികസന പ്രവർത്തിക്കുക കയ്യിൽ നിന്നും പണം എടുക്കേണ്ടത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന് ഗ്രാമസഭയിൽ അഭിപ്രായപ്പെട്ടു.
- കിണർ കുഴിക്കുന്ന പോലുള്ള പ്രവർത്തി കുറച്ചു തൊഴിലാളികൾക്ക് അനുവദിക്കുന്നത് എന്തുകൊണ്ടാണെന്ന് ഒരു തൊഴിലാളി സംശയം ഉന്നയിച്ചു, അതിനുമേൽ മറുപടിയായി മാൻ ഡേയ്സ് അനുസരിച്ചാണ് തൊഴിലാളികളുടെ എണ്ണം നിശ്ചയിക്കുന്നത് എന്ന് തൊഴിലുറപ്പ് വകുപ്പ് ഉദ്യോഗസ്ഥ മറുപടി പറഞ്ഞു.
- കിണറു പണി പോലുള്ള പ്രവർത്തികൾ രാവിലെ 9 മുതൽ 5 വരെ ചെയ്യാൻ ബുദ്ധിമുട്ടാണെന്നും തൊഴിലാളികൾ വ്യക്തമാക്കി.

അതിനുശേഷം റിപ്പോർട്ട് എല്ലാവരും ചേർന്ന് കൈയ്യടിച്ചു പാസാക്കി.

പഞ്ചായത്ത് എഡിഎസ് ചെയർപേഴ്സൻ അമൃതവല്ലി നന്ദി അറിയിച്ചു. അതിനുശേഷം ദേശീയ ഗാനത്തോടെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അവസാനിപ്പിച്ചു.